സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കാൻ ആവിഷ്കരിച്ച പദ്ധതികൾ

145 (4727) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പുതിയ നയങ്ങളോ പദ്ധതികളോ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പുതിയ നയം പദ്ധതിയുണ്ടെങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) പ്രസ്തുത മേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ നയത്തിന്റെ പദ്ധതിയുടെ ഭാഗമായി എത്ര വ്യവസായ എസ്റ്റേറ്റുകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് ; ജില്ലതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ഇ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽനിന്നും സ്വകാര്യ വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും അവർ ആരെല്ലാമെന്നും എവിടേക്കെല്ലാമെന്നും വിശദമാക്കുമോ ; ഈ അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം ; ആർക്കെല്ലാം എവിടെയെല്ലാം എസ്റ്റേറ്റ് ആരംഭിക്കാൻ അനുമതി നൽകിയെന്ന് വിശദമാക്കാമോ ; ബന്ധപ്പെട്ട അനുമതിപത്രം/ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(എഫ്) എത്ര വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത് ?

ഉത്തരം

(എ-എഫ്) സ്വകാര്യമേഖലയിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനം നൽകുമെന്ന് 2015-ലെ വ്യവസായനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly